# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5723** **05.07.2013-ൽ മറുപടി നൽകേണ്ടത്**

## കടച്ചിക്കുന്ന് പ്രദേശവാസികളുടെ ഭൂമിക്ക് നികുതി

**ചോദ്യം**
ശ്രീ എം. വി. ശ്രേയാംസ് കുമാർ

**മറുപടി**
ശ്രീ അടൂർപ്രകാശ്
റവന്യൂവും കയറും വകുപ്പുമന്ത്രി

(എ) വൈത്തിരി താലൂക്കിലെ കടച്ചിക്കുന്ന് പ്രദേശവാസികളുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് ജോയിന്റ് വേരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രദേശവാസികളുടെ ഭൂമിക്ക് നികുതി സ്വീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?;

(എ) + (ബി) + (സി)
ശ്രദ്ധയിൽപ്പെട്ടിരുന്നു. മൂപ്പൈനാട് വില്ലേജ് ബ്ലോക്ക് നമ്പർ 31-ൽ റീ സർവ്വെ നമ്പർ 301, 311, 312, 320 എന്നീ സർവ്വെ നമ്പരിൽപ്പെട്ട കൈവശക്കാരുടെ ഭൂമിക്കാണ് കരം സ്വീകരിക്കാതിരുന്നത്. റീസർവ്വെ റിക്കാർഡു പ്രകാരം ടി നമ്പരിൽപ്പെട്ട സ്ഥലങ്ങൾ വെസ്റ്റഡ് ഫോറസ്റ്റ് എന്ന് രേഖപ്പെടുത്തിയതിനാലാണ് കരം സ്വീകരിക്കാതിരുന്നത്. ഈ വിഷയത്തിൽ 19.06.2013-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗ് കൂടിയുണ്ട്. ടി. മീറ്റിംഗിന്റെ മിനിട്ട്സ് ലഭിക്കുന്ന മുറയ്ക്ക് വനംവകുപ്പുമായി ചേർന്ന് ടി ജോലികൾ പുനരാരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ